**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 658** **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജകമണ്ഡലത്തിൽ രാമപുരം പഞ്ചായത്ത് 17-ാം വാർഡ് പഴമലയിൽ തിരുഹൃദയ മഠം പത്തോളം കുടുംബങ്ങൾക്ക് സൗജന്യമായി ഭവനം നിർമ്മിച്ച് നൽകിയ സ്ഥലത്ത് കമ്പികളുടേയും എട്ട് മീറ്റർ നീളമുള്ള പോസ്റ്റുകളുടെയും അഭാവംമൂലം വൈദ്യുതി കണക്ഷൻ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രോഗികൾ ഉൾപ്പെടെ നിരവധി അന്തേവാസികളുള്ള പ്രസ്തുത സ്ഥലത്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലാ നിയോജക മണ്ഡലത്തിൽ രാമപുരം പഞ്ചായത്തിലെ പതിനേഴാം വാർഡ് പഴമല ഭാഗത്ത് രണ്ട് പേർ (1) ശ്രീമതി. ആൻസിയും, (2) ശ്രീമതി. കാതറിനും മാത്രമാണ് അപേക്ഷ നൽകിയിട്ടുള്ളത്. ടി രണ്ടു കണക്ഷനും നൽകുന്നതിന് പ്രോപ്പർട്ടി ക്രോസിങ് കൺസെന്റ് ആവശ്യമായിരുന്നു. ആയതിൽ ശ്രീമതി. കാതറിൻ 23.01.2025 ന് മാത്രമാണ് കൺസെന്റ് നൽകിയത്. ടി കണക്ഷൻ 7 പോസ്റ്റുകൾ സ്ഥാപിച്ചു നൽകുന്ന ബിപിഎൽ സർവീസ് ആണ്. ആയതിന്റെ ജോലികൾ ആരംഭിച്ചിട്ടുള്ളതും രണ്ടു ദിവസത്തിനുള്ളിൽ പൂർത്തീകരിച്ചു കണക്ഷൻ നൽകുന്നതുമാണ്. ടി കണക്ഷൻ പൂർത്തീകരിക്കുമ്പോൾ ശ്രീമതി ആൻസിക്ക് കൺസെന്റ് ഇല്ലാതെ തന്നെ കണക്ഷൻ നൽകാവുന്നതാണ്. ബാക്കിയുള്ള കണക്ഷ നുകൾ അപേക്ഷ ലഭിക്കുന്ന മുറക്ക് താമസം കൂടാതെ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ